REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 02-11-2025 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- **ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ രണ്ടുദിവസത്തെ സന്ദർശനത്തിന് നാളെ കേരളത്തിലെത്തും.**
- **രാജ്യത്തെ ഏറ്റവും ഭാരമേറിയ ആശയവിനിമയ ഉപഗ്രഹം CMS-03, ISRO, വൈകിട്ട് വിക്ഷേപിക്കും.**
- **ആകാശവാണി സംഗീത സമ്മേളനത്തിന് ഇന്ന് തുടക്കമാകും.**
- **ICC വനിതാ ലോകകപ്പ് ക്രിക്കറ്റ് ഫൈനലിൽ ഇന്ത്യ ഉച്ച കഴിഞ്ഞ് മൂന്നിന് ദക്ഷിണാഫ്രിക്കയെ നേരിടും.**
- **ഇന്ത്യ- ഓസ്ട്രേലിയ ട്വന്റി 20 പരമ്പരയിലെ മൂന്നാം മത്സരം ഹൊബാർട്ടിൽ.**

## വാർത്തകൾ വിശദമായി

ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ രണ്ടുദിവസത്തെ സന്ദർശനത്തിന് നാളെ കേരളത്തിൽ എത്തും. ഉപരാഷ്ട്രപതിയായ ശേഷം അദ്ദേഹത്തിന്റെ ആദ്യ കേരള സന്ദർശനം ആണിത്. നാളെ കൊല്ലം ഫാത്തിമ മാതാ നാഷണൽ കോളേജ് വജ്ര ജൂബിലി ആഘോഷങ്ങളിൽ അദ്ദേഹം മുഖ്യാതിഥിയായി പങ്കെടുക്കും.

ഇന്ത്യൻ കയർ കയറ്റുമതി ഫെഡറേഷൻ പ്രതിനിധികളുമായി അദ്ദേഹം കൊല്ലത്ത് കൂടിക്കാഴ്ചയും നടത്തും. തിരുവനന്തപുരം ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ചൊവ്വാഴ്ച ഉപരാഷ്ട്രപതി സന്ദർശിക്കും.

✪✪✪

രാജ്യത്തെ ഏറ്റവും ഭാരമേറിയ ആശയവിനിമയ ഉപഗ്രഹം CMS-03, ISRO, ഇന്ന് വിക്ഷേപിക്കും. ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രത്തിൽ നിന്ന് വൈകിട്ട് അഞ്ച് ഇരുപത്തിയാറിനാണ് വിക്ഷേപണം.

ഡെസ്ക് റിപ്പോർട്ട്

......വോയ്സ്......

G-SAT-7R എന്നും അറിയപ്പെടുന്ന മൾട്ടി ബാൻഡ് മിലിട്ടറി ആശയവിനിമയ ഉപഗ്രഹമാണ് CMS-03. രാജ്യത്തെ ഏറ്റവും ശക്തമായ മാർക്ക്-3 റോക്കറ്റുപയോഗിച്ചാണ് വിക്ഷേപണം. ഇന്ത്യൻ ഭൂപ്രദേശത്തും സമുദ്രമേഖലയിലും സേവനങ്ങൾ നൽകാൻ കഴിയുന്ന ഉപഗ്രഹമാണ് CMS-03 എന്ന് ISRO അറിയിച്ചു.

ബഹിരാകാശത്തേക്ക് 4,000 കിലോ വരെ ഭാരം എത്തിക്കാൻ കഴിയുന്ന LVM-3 ന്റെ അഞ്ചാം ദൗത്യമാണിത്. നാവികസേനയുടെ ആശയവിനിമയശേഷി ഉപഗ്രഹം ഗണ്യമായി വർദ്ധിപ്പിക്കും. ഉയർന്ന ബാൻഡ്‌വിഡ്ത്തും ഇത് നൽകും.

✪✪✪

സാംസ്കാരിക മന്ത്രാലയവുമായി സഹകരിച്ച് പ്രസാർ ഭാരതി ഇന്ന് മുതൽ ഈ മാസം 29 വരെ രാജ്യവ്യാപകമായി 67-ാമത് ആകാശവാണി സംഗീത സമ്മേളനം നടത്തും. 24 കേന്ദ്രങ്ങളിലായാണ് പരിപാടി സംഘടിപ്പിക്കുകയെന്ന് പ്രസാർ ഭാരതി CEO ഗൗരവ് ദ്വിവേദി അറിയിച്ചു.

ഹിന്ദുസ്ഥാനി, കർണാടക, ലളിത സംഗീതം, നാടോടി സംഗീതം എന്നിവയുടെ മികച്ച ധാരകൾ രാജ്യമെമ്പാടും ശ്രോതാക്കളിലേക്ക് എത്തിക്കുക എന്നതാണ് പരിപാടിയുടെ ലക്ഷ്യം.

✪✪✪

സെപ്റ്റംബർ 22-ന് നരേന്ദ്ര മോദി ഗവൺമെന്റ് പ്രഖ്യാപിച്ച വരുംതലമുറ GST പരിഷ്കരണം സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും ഗണ്യമായ ആശ്വാസം നൽകുന്നു. കരകൗശല - കൈത്തൊഴിൽ രംഗത്തെ GST പരിഷ്കാരങ്ങളുടെ സ്വാധീനത്തെക്കുറിച്ച് ഒരു റിപ്പോർട്ട്.

...........വോയ്സ്.......

കരകൗശല വിദഗ്ധർ, വ്യാപാരികൾ, ഉപഭോക്താക്കൾ എന്നിവരുടെ സാമ്പത്തിക ഭാരം ലഘൂകരിക്കുന്നതിനായി കരകൗശല മേഖലയിൽ ശ്രദ്ധേയമായ നികുതി ഇളവുകളാണ് ഗവണ്മെന്റ് ഏർപ്പെടുത്തിയിരിക്കുന്നത്. സെറാമിക് കലങ്ങൾ, ജാറുകൾ, ടെറാക്കോട്ട, അടുക്കള സാമഗ്രികൾ തുടങ്ങിയവയ്ക്ക് ഇപ്പോൾ 5 ശതമാനം മാത്രമാണ് നികുതി. നേരത്തെ ഇത് 12 ശതമാനമായിരുന്നു. കരകൗശല മേഖലയിൽ, പ്രതിമകൾ ഉൾപ്പെടെ അലങ്കാര സെറാമിക്സ്, അലങ്കാര ഫ്രെയിം കണ്ണാടികൾ എന്നിവയുടെ GST നിരക്കുകളും 12 ശതമാനത്തിൽ നിന്ന് 5 ശതമാനമായി കുറച്ചു. ഇത് കരകൗശല വിദഗ്ധർക്കും പരമ്പരാഗത കരകൗശല വിപണികൾക്കും നേരിട്ട് നേട്ടം നൽകുന്നു. ചില്ലുകൊണ്ട് നിർമ്മിക്കുന്ന കലാരൂപങ്ങൾക്കും ഇപ്പോൾ 5 ശതമാനം GST മാത്രമാണ് ഈടാക്കുന്നത്.

✪✪✪

രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ മൂന്നു ദിവസത്തെ ഉത്തരാഖണ്ഡ് സന്ദർശനത്തിന് ഇന്ന് തുടക്കമാകും. ഹരിദ്വാറിലെ പതഞ്ജലി സർവകലാശാലയുടെ രണ്ടാം ബിരുദദാന ചടങ്ങിൽ രാഷ്ട്രപതി ഇന്ന് പങ്കെടുക്കും.

ഉത്തരാഖണ്ഡിന്റെ രജത ജൂബിലി ആഘോഷത്തോട നുബന്ധിച്ച് നാളെ ഡെറാഡൂണിൽ ഉത്തരാഖണ്ഡ് നിയമസഭയെ രാഷ്ട്രപതി അഭിസംബോധന ചെയ്യും. നൈനിറ്റാളിൽ രാജ്ഭവൻ സ്ഥാപിച്ചതിന്റെ 125 വർഷിക പരിപാടിയിലും ദ്രൗപദി മുർമു നാളെ പങ്കെടുക്കും.

✪✪✪

ആശാ പ്രവർത്തകരുടെ സെക്രട്ടേറിയറ്റിനു മുന്നിലെ രാപകൽ സമരം അവസാനിപ്പിച്ചു. 266 ദിവസം നീണ്ട സമരമാണ് കേരള പിറവി ദിനമായ ഇന്നലെ അവസാനിപ്പിച്ചത്.

സെക്രട്ടേറിയറ്റിനു മുന്നിലെ സമരം അവസാനിപ്പി ച്ചെങ്കിലും ജില്ലാ തലത്തിൽ സമരം തുടരുമെന്നും രാപകൽ സമരം ആരംഭിച്ച ഫെബ്രുവരി 10ന് സെക്രട്ടേറിയറ്റിൽ ഒത്തു ചേരുമെന്നും കേരള ആശാ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷൻ അറിയിച്ചു.

തിരുവനന്തപുരത്തെ സമരം അവസാനിപ്പിക്കുന്നതിന്റെ ഭാഗമായി നടത്തിയ മഹാ പ്രതിജ്ഞാ റാലി പ്രതിപക്ഷ നേതാവ് VD സതീശൻ ഉദ്ഘാടനം ചെയ്തു.

✪✪✪

കേരള ഗവൺമെന്റിന്റെ അതിദാരിദ്ര്യ നിർമാർജന പ്രഖ്യാപനം PR വർക്ക് മാത്രമാണെന്ന് BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ കുറ്റപ്പെടുത്തി. ഗവൺമെന്റ് പുറത്തുവിട്ട കണക്കുകൾക്ക് ആധികാരികത ഇല്ലെന്നും അതിൽ ഒട്ടേറെ പൊരുത്തക്കേടുകളുണ്ടെന്നും അദ്ദേഹം തിരുവനന്തപുരത്ത് പ്രസ്താവനയിൽ അറിയിച്ചു.

കേരളത്തിൽ ആറ് ലക്ഷത്തോളം അതിദരിദ്ര്യർ ഉണ്ടെന്ന് ഒരുമാസം മുമ്പ് നിയമസഭയിൽ തദ്ദേശവകുപ്പ് മന്ത്രി അറിയിച്ചിരുന്നു. അത് പിന്നീട് 64,000 ആയി ചുരുക്കുകയായിരുന്നുവെന്ന് രാജീവ് ചന്ദ്രശേഖർ പറഞ്ഞു.

✪✪✪

ആഭ്യന്തര വകുപ്പിന്റെ വിഷൻ 2031 സംസ്ഥാനതല സെമിനാർ നാളെ രാവിലെ കണ്ണൂരിൽ മുൻ സുപ്രീം കോടതി ജഡ്ജി CT രവികുമാർ ഉദ്ഘാടനം ചെയ്യും. വൈകീട്ട് സമാപന സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയനാണ് ഉദ്ഘാടനം ചെയ്യുന്നത്.

ആഭ്യന്തര, വിജിലൻസ് അഡീഷണൽ ചീഫ് സെക്രട്ടറി ബിശ്വനാഥ് സിൻഹ കഴിഞ്ഞ 10 വർഷത്തെ വകുപ്പിന്റെ നേട്ടങ്ങൾ അവതരിപ്പിക്കും. സംസ്ഥാന പോലീസ് മേധാവി റവദാ ചന്ദ്രശേഖർ സംസാരിക്കും. വിവിധ വിഷയങ്ങളിൽ പാനൽ ചർച്ചയും ഉണ്ടാകും.

✪✪✪

കൊടുവള്ളി നഗരസഭ സെക്രട്ടറിയെ സ്ഥലം മാറ്റാൻ തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശം നൽകി. തദ്ദേശ പൊതുതിരഞ്ഞെടുപ്പ് നടക്കാനിരിക്കുന്ന സാഹചര്യത്തിലും അനധികൃതമായി ജോലിക്ക് ഹാജരാകാത്ത സാഹചര്യത്തിലാണ് കമ്മീഷൻ തദ്ദേശസ്വയംഭരണ സെക്രട്ടറിക്ക് ഉത്തരവ് നൽകിയത്. സെക്രട്ടറിക്കെതിരെ തുടർനടപടിയെടുക്കാനും ആവശ്യപ്പെട്ടിട്ടുണ്ട്.

✪✪✪

പരിശീലനം പൂർത്തിയാക്കിയ 479 പോലീസ് ട്രെയിനികളുടെ പാസിങ് ഔട്ട് പരേഡ് നാളെ കണ്ണൂർ മാങ്ങാട്ടു പറമ്പിലെ KAP നാലാം ബറ്റാലിയൻ ഗ്രൗണ്ടിൽ നടത്തും. മുഖ്യമന്ത്രി പിണറായി വിജയൻ പരേഡിന്റെ സല്യൂട്ട് സ്വീകരിക്കും.

✪✪✪

ഗർഭാശയഗള കാൻസർ പ്രതിരോധത്തിന് പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥിനികൾക്ക് ഹ്യൂമൺ പാപ്പിലോമ വൈറസ് വാക്സിനേഷൻ നൽകുന്ന പൈലറ്റ് പദ്ധതി നാളെ രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ

കണ്ണൂർ കൂത്തുപറമ്പ് താലൂക്ക് ആശുപത്രിയിൽ ഉദ്ഘാടനം ചെയ്യും. കണ്ണൂർ ജില്ലയിലാണ് പദ്ധതി നടപ്പാക്കുന്നത്.

കണ്ണൂരിൽ നിന്ന് KO ശശിധരൻ.....

.........വോയ്സ്.......

സ്ത്രീകളിൽ കണ്ടു വരുന്ന ഗർഭാശയഗള കാൻസർ അർബുദ അനുബന്ധ മരണ നിരക്ക് വർധിപ്പിച്ചതായി കണ്ടെത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ

ആരോഗ്യ വിദഗ്ധരുടേയും ടെക്നിക്കൽ കമ്മിറ്റിയുടേയും യോഗം ചേർന്നാണ് വാക്സിനേഷൻ പദ്ധതിക്ക് അന്തിമ രൂപം നൽകിയത്. എച്ച്.പി.വി. വാക്സിനേഷൻ പദ്ധതി വിവിധ സന്നദ്ധ സംഘടനകളുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നത്.

ഗവൺമെന്റ് നിയോഗിച്ച വിദഗ്ധ സമതിയുടെ നിർദേശ പ്രകാരമാണ് ഹയർ സെക്കണ്ടറി വിദ്യാർത്ഥിനികൾക്ക് വാക്സിനേഷൻ നൽകുവാൻ തീരുമാനിച്ചത്. പദ്ധതിയുടെ ഉദ്ഘാടനം കൂത്തുപറമ്പ് താലൂക്ക് ആശുപത്രിയിൽ നാളെ (3) രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും.

✪✪✪

ICC വനിതാ ലോകകപ്പ് ക്രിക്കറ്റ് ഫൈനൽ ഇന്ന്. നവിമുംബൈ DY പാട്ടീൽ സ്റ്റേഡിയത്തിൽ ഉച്ച കഴിഞ്ഞ് മൂന്നിന് ഇന്ത്യൻ വനിതകൾ ദക്ഷിണാഫ്രിക്കയെ നേരിടും. ഇരു ടീമുകളും ഇതുവരെ ICC കിരീടം നേടിയിട്ടില്ല. ആദ്യസെമിയിൽ ഇംഗ്ലണ്ടിനെ തോൽപ്പിച്ചാണ് ദക്ഷിണാഫ്രിക്ക ഫൈനലിസ്റ്റുകളായത്. രണ്ടാം സെമിയിൽ ഓസ്ട്രേലിയയെ അഞ്ച് വിക്കറ്റിന് തകർത്താണ് ഇന്ത്യ ഫൈനലിലെത്തിയത്.

✪✪✪

ഇന്ത്യ-ഓസ്ട്രേലിയ ട്വന്റി 20 അന്താരാഷ്ട്ര ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരം ഉച്ചക്ക് ഹൊബാർട്ടിലെ ബിലിറീവ് ഓവലിൽ. ഇന്ത്യൻ സമയം ഉച്ചക്ക് 1.45നാണ് മത്സരം. അഞ്ച് മത്സരങ്ങളുടെ പരമ്പരയിൽ ഒന്ന് ജയിച്ച് ഓസ്ട്രേലിയ മുന്നിട്ട് നിൽക്കുകയാണ്.

✪✪✪

രഞ്ജി ട്രോഫി ക്രിക്കറ്റിൽ കേരളത്തിനെതിരെ കർണ്ണാടക ശക്തമായ നിലയിൽ. ആദ്യ ദിവസം കളിയവസാനിക്കുമ്പോൾ മൂന്ന് വിക്കറ്റിന് 319 റൺസെന്ന നിലയിലാണ് കർണ്ണാടക. തുടർച്ചയായ രണ്ടാം മത്സരത്തിലും സെഞ്ചുറി

നേടിയ മലയാളി താരം കരുൺ നായരുടെ പ്രകടനമാണ് കർണ്ണാടകയുടെ ഇന്നിങ്സിന് കരുത്തായത്. തിരുവനന്തപുരം മംഗലപുരത്തെ KCA സ്റ്റേഡിയത്തിലാണ് മത്സരം. ഈ വേദിയിലെ ആദ്യ ഫസ്റ്റ് ക്ലാസ് മത്സരം കൂടിയാണിത്.

✪✪✪

ചാമ്പ്യൻസ് ബോട്ട് ലീഗിന്റെ ഭാഗമായ പുളിങ്കുന്ന് ജലോത്സവത്തിൽ കൈനകരി വില്ലേജ് ബോട്ട് ക്ലബ്ബിന്റെ വീയപുരം ചുണ്ടന് വിജയം. പള്ളാത്തുരുത്തി ബോട്ട് ക്ലബ്ബിന്റെ മേൽപ്പാടം ചുണ്ടൻ രണ്ടാം സ്ഥാനത്തെത്തി. പുന്നമട ബോട്ട് ക്ലബ്ബിന്റെ നടുഭാഗം ചുണ്ടനാണ് മൂന്നാം സ്ഥാനം.

✪✪✪

ദീപാലംകൃതമാക്കി മോടിപിടിപ്പിച്ച കോഴിക്കോട് ടൗൺഹാളിന്റെ സ്വിച്ച് ഓൺ കർമം വൈകീട്ട്  മന്ത്രി PA മുഹമ്മദ് റിയാസ് നടത്തും. കോഴിക്കോട് നഗരത്തിലെ പ്രധാന കെട്ടിടങ്ങളുടെ സൗന്ദര്യവത്കരണ ഫസാഡ് ലൈറ്റിങ് പദ്ധതിയുടെ ഭാഗമായാണ് ടൗൺഹാളിൽ അലങ്കാര വിളക്കുകൾ ഒരുക്കിയത്.

✪✪✪

തീവ്ര വോട്ടർപട്ടിക പരിഷ്കരണവുമായി ബന്ധപ്പെട്ട് ഇടുക്കിയിൽ അംഗീകൃത രാഷ്ട്രീയ പാർട്ടികളുടെ യോഗം ചേർന്നു. SIR നടപ്പാക്കുന്നതിലെ സംശയ നിവാരണത്തിനും അഭിപ്രായ ശേഖരണത്തിനുമാണ് യോഗം വിളിച്ചത്. വീടുകളിൽ നിന്ന് വിവര ശേഖരണം ശനിയാഴ്ച ആരംഭിക്കും. 2026 ഫെബ്രുവരി ഏഴിനാണ് അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിക്കുന്നത്.

✪✪✪

വയനാട് പൊഴുതന പെരുങ്കോട മുത്താറിക്കുന്നിൽ വിദ്യാർഥി പുഴയിൽ വീണ് മരിച്ചു. മേപ്പാടി പാലവയലിലെ  ആര്യ ദേവ് എന്ന 14-കാരനാണ് മുങ്ങി മരിച്ചത്. വയനാട് മേപ്പാടി ഗവ. സ്കൂൾ വിദ്യാർഥിയായിരുന്നു.

✪✪✪

മലപ്പുറം എടക്കര വഴിക്കടവിൽ കാട്ടുപന്നികളിൽ ആഫ്രിക്കൻ പന്നിപ്പനി സ്ഥിരീകരിച്ചു. ഒക്ടോബർ ആദ്യവാരം വഴിക്കടവ് പഞ്ചായത്തിലെ മരുത, മണൽപ്പാടം, നറുക്കുംപ്പൊട്ടി പ്രദേശങ്ങളിൽ ഇരുപതിലേറെ കാട്ടുപന്നികളെ ചത്ത നിലയിൽ കണ്ടെത്തിയിരുന്നു. ഇവയിൽ നിന്ന് ശേഖരിച്ച സാമ്പിൾ ഭോപ്പാലിലെ ദേശീയ ലാബിലേക്ക് അയച്ചതിന്റെ ഫലമാണ് മൃഗസംരക്ഷണവകുപ്പിന് ലഭിച്ചത്.

✪✪✪

പരുമല പള്ളി തിരുനാൾ ദിനമായ നാളെ ആലപ്പുഴ ജില്ലയിലെ മാവേലിക്കര, ചെങ്ങന്നൂർ താലൂക്കുകളിലും പത്തനംതിട്ട ജില്ലയിലെ തിരുവല്ല താലൂക്കിലും എല്ലാ ഗവണ്മെന്റ് ഓഫിസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും പ്രാദേശിക അവധി നൽകി. പൊതു പരീക്ഷകൾക്ക് അവധി ബാധകമല്ല.

✪✪✪

ശബരിമല സ്വർണ്ണക്കവർച്ച കേസിൽ റിമാൻഡിൽ കഴിയുന്ന ശബരിമല മുൻ എക്സിക്യൂട്ടീവ് ഓഫീസർ D സുധീഷ് കുമാറിന്റെ പത്തനംതിട്ട അടൂർ ദേശകല്ലുംമൂട്ടിലെ വീട്ടിൽ SIT സംഘം ഇന്നലെ മൂന്നുമണിക്കൂറിലേറെ പരിശോധന നടത്തി. ബാങ്ക് രേഖകൾ അടക്കം രേഖകൾ കണ്ടെത്തിയതായാണ് വിവരം. കോടതി ഇയാളെ 14 ദിവസത്തേയ്ക്ക് റിമാൻഡ് ചെയ്തിരുന്നു.

✪✪✪

*News Editor: ശ്രുതി*
*News Reader: അനിൽ ചന്ദ്രൻ*
*NRTs:നിമിഷ ജി*
*DEO: സി കെ സുബോധ്*